

**പി. രാജീവ്**
[സി.പി.ഐ.(എം) - കളമശ്ശേരി]
**നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി**

ശ്രീ. പി. വാസുദേവന്റെയും ശ്രീമതി രാധാ വാസുദേവന്റെയും മകനായി 1967 ജൂൺ 1-ാം തീയതി തൃശ്ശൂർ ജില്ലയിലെ കാട്ടൂർ എന്ന സ്ഥലത്ത് ജനിച്ചു; ബി.എ., എൽഎൽ.ബി., ഡിപ്ലോമ; രാഷ്ട്രീയ പ്രവർത്തകൻ.

**വഹിച്ച സ്ഥാനങ്ങൾ**

എസ്.എഫ്.ഐ. സംസ്ഥാന സെക്രട്ടറി.
സി.ഐ.ടി.യു. എറണാകുളം ജില്ലാ ജോയിന്റ് സെക്രട്ടറി.
ഡി.വൈ.എഫ്.ഐ. എറണാകുളം ജില്ലാ സെക്രട്ടറി.
സി.പി.ഐ.(എം): രാജ്യസഭാ ചീഫ് വിപ്പ്, പാർലമെന്ററി പാർട്ടി ഉപനേതാവ്, എറണാകുളം ജില്ലാ സെക്രട്ടറി (2015-2016).
കയർ ബോർഡ് അംഗം.
ദേശാഭിമാനി ദിനപത്രം : റസിഡന്റ് / എഡിറ്റർ (2001 - 2010), ചീഫ് എഡിറ്റർ (2019 - 2022).

കേരള സർക്കാരിന്റെ പ്രസ്സ് അക്രഡിറ്റേഷൻ കമ്മിറ്റി അംഗം (2001-2010). കോഴിക്കോട് സർവ്വകലാശാല ജേണലിസം വകുപ്പ് ബോർഡ് ഓഫ് സ്റ്റഡീസ് അംഗം.

രാജ്യസഭ : അംഗം (2009-2015), രാജ്യസഭയെ നിയന്ത്രിക്കുന്ന ചെയർമാൻ പാനലിലെ അംഗം, അഷ്വറൻസ് കമ്മിറ്റി ചെയർമാൻ, വിവിധ പാർലമെന്ററി കമ്മിറ്റികളായ ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി, ജനറൽ പർപ്പസ് കമ്മിറ്റി, പെറ്റീഷൻസ് കമ്മിറ്റി, ഫിനാൻസ് കമ്മിറ്റി, ഇൻഫർമേഷൻ കമ്മിറ്റി, ബി.എസ്.എൻ.എൽ. കൺസൾട്ടേറ്റീവ് കമ്മിറ്റി, ഇൻഷ്വറൻസ് ബിൽ സെലക്ട് കമ്മിറ്റി എന്നിവയിൽ അംഗം, നവ പാർലമെന്ററി അംഗങ്ങൾക്കുള്ള പരിശീലന പരിപാടിയുടെ അധ്യാപക പാനൽ അംഗം (2015-2016).

രാജ്യസഭാ ചരിത്രത്തിൽ ആദ്യമായി ചട്ടങ്ങളുടെ നിരാകരണ പ്രമേയം അവതരിപ്പിച്ചു. സുപ്രീം കോടതി പിന്നീട് നിയമവിരുദ്ധമായി പ്രഖ്യാപിച്ച ഐ.ടി. നിയമത്തിലെ 66(എ) റദ്ദാക്കാനുള്ള പ്രമേയം അവതരിപ്പിച്ചു. 2013-ൽ ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി, സാമ്പത്തിക സാമൂഹിക കൗൺസിൽ എന്നിവയിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുക്കുകയും അഭിസംബോധന ചെയ്ത് സംസാരിക്കുകയും ചെയ്തു.

2016-ലെ മികച്ച പാർലമെന്റ് അംഗത്തിനുള്ള സൻസദ് രത്നാ പുരസ്കാരം, മികച്ച പാർലമെന്റ് അംഗത്തിനുള്ള ലോക മലയാളി കൗൺസിൽ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. മികച്ച പൊതുപ്രവർത്തകനുള്ള പി. കെ. വാസുദേവൻ നായർ അവാർഡ്, എ.സി. ഷൺമുഖദാസൻ അവാർഡ്, സഫ്ദർഹഷ്മി അവാർഡ്, ലയൺസ് ക്ലബ് അവാർഡ് എന്നിവയും ലഭിച്ചിട്ടുണ്ട്.

നിലവിൽ സി.പി.ഐ.(എം) കേന്ദ്ര കമ്മിറ്റി അംഗം.

കളമശ്ശേരി നിയോജകമണ്ഡലത്തിൽ നിന്നും 2021-ൽ 15-ാം കേരള നിയമസഭയിലേക്ക് ആദ്യമായി തെരഞ്ഞെടുക്കപ്പെട്ടു.

| | | |
|---|---|---|
| അറിയാവുന്ന ഭാഷകൾ | : | മലയാളം, ഹിന്ദി, ഇംഗ്ലീഷ് |
| ഭാര്യ | : | ഡോ. വാണി കേസരി |
| കുട്ടികൾ | : | കുമാരി ഹൃദ്യ രാജീവ്<br>കുമാരി ഹരിത രാജീവ് |
| സന്ദർശിച്ച വിദേശ രാജ്യങ്ങൾ | : | സ്വീഡൻ, ഡെൻമാർക്ക്, ബ്രസീൽ, സ്കോട്ലന്റ്, സൗത്ത് ആഫ്രിക്ക, യു.എസ്.എ., ക്യൂബ, ഉഗാണ്ട, ജർമനി, മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ, ഇറ്റലി, സ്വിറ്റ്സർലാന്റ്, ചൈന, സിംഗപ്പൂർ, നോർവേ, യു.കെ., ഫ്രാൻസ്. |
| ശീലങ്ങൾ | : | വായന, യാത്ര |
| സാഹിത്യ പ്രവർത്തനങ്ങൾ | : | ആഗോളവത്ക്കരണകാലത്തെ ക്യാമ്പസ്, വിവാദങ്ങളിലെ വ്യതിയാനങ്ങൾ, കാഴ്ചവട്ടം, പുരയ്ക്കുമേൽ ചാഞ്ഞ മരം, 1957: ചരിത്രവും വർത്തമാനവും, എന്തുകൊണ്ട് ഇടതുപക്ഷം, സത്യാനന്തര കാലത്തെ പ്രതീതി നിർമ്മാണം, ഭരണഘടന: ചരിത്രവും വർത്തമാനവും, കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ സമകാലിക വായന, മാർക്സിസ് ദർശനം, പ്രവേശിക എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. കൂടാതെ ഹിന്ദു, ഇൻഡ്യ ടുഡെ, ഇൻഡ്യൻ എക്സ്പ്രസ് എന്നിവയിൽ നിരവധി ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. |

| | | |
|---|---|---|
| സ്ഥിരമേൽവിലാസം | : | 'കിളിക്കൂട്', |
| | | തിരുനിലയത്തു റോഡ്, |
| | | കുസാറ്റ് പി.ഒ., |
| | | എറണാകുളം-682 022. |
| ഇ-മെയിൽ | : | prajeevcpm@gmail.com |
| | | min.ind@kerala.gov.in |
| | | min.law@kerala.gov.in |

**ടെലിഫോൺ നമ്പർ**

| | | |
|---|---|---|
| ഓഫീസ് | : | 0471-2336866 |
| മൊബൈൽ | : | 94000 77333 |

**തെരഞ്ഞെടുപ്പ് ഫലം**

| | | |
|---|---|---|
| സമ്മതിദായകർ | : | 2,01,781 |
| വോട്ടു ചെയ്തവർ | : | 1,55,863 |
| ശ്രീ. പി. രാജീവ്<br>[സി.പി.ഐ.(എം)] | : | 77,141 |
| അഡ്വ. വി. ഇ. അബ്ദുൾ ഖഫൂർ<br>(ഐ.യു.എം.എൽ.) | : | 61,805 |
| ശ്രീ. പി. എസ്. ജയരാജ്<br>(ബി.ഡി.ജെ.എസ്.) | : | 11,179 |